THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**29-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിതഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ഈ മാസം 31-ാം തീയതിയ്ക്ക് മുമ്പായി ചേരാവുന്നതാണ്. www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയകേന്ദ്രങ്ങൾ വഴിയും പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2334493** എന്ന നമ്പരിലോ,അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ**1800-425-7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

2. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൂണിംഗ്, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ഷിയറിംഗ് എന്നിവയ്ക്കായുള്ള ഉപകരണങ്ങൾ, വീഡ് കട്ടർ, ബ്രഷ് കട്ടർ മുതലയാവയ്ക്ക് ധനസഹായം നൽകുന്നു.

എസ്.സി/എസ്.റ്റി ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ എന്നിവർക്ക് വീഡ്കട്ടർ, ബ്രഷ്കട്ടർ എന്നിവ വാങ്ങുന്നതിന് സബ്സിഡി 50% നിജപ്പെടുത്തി 1,25000/- രൂപ വരെ എം ഐ ഡി എച്ച് പദ്ധതി പ്രകാരം നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. വിദ്യാഭ്യാസത്തോടൊപ്പം ഗ്രാമീണ കാർഷിക പരിചയം കൂടിയുള്ള പ്രൊഫഷണലുകളുടെ കൂട്ടായ്മ സൃഷ്ടിക്കുക ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പ് യുവതീയുവാക്കൾക്കായി കൃഷിഭവനുകളിൽ നൽകുന്ന ഇന്റേൺഷിപ്പിന് ആഗസ്റ്റ് മാസം 11 വരെ www.keralaagriculture.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. 24-8-21 മുതൽ 26-8-21 വരെയുള്ള ദിവസങ്ങളിൽ ഇൻറർവ്യൂ നടത്തി ഇന്റേണുകളെ തെരഞ്ഞെടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

4. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2021 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റിലുള്ള** ഒരു വർഷ ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഈ മാസം 31-ന് മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കാം.

**29-07-2021**

കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. **0471-2476020, 0474-2475051, 9446446632, 9567305895.**

**പരിശീലന പരിപാടികൾ**

5. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 29 ന്) രാവിലെ 11 മണിക്ക് **വളം – കീടനാശിനി, കർഷകർ അറിയേണ്ട ചില കാര്യങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ. ബി കേരളയുടെ ഫേസ്ബുക്ക് പേജിലൂടെ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – 9383470289

6. സമേതി കേരളയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 29-ന്) രാത്രി 7 മണിക്ക് **കന്നുകാലികളിലെ നാടൻ ചികിത്സാവിധികൾ** എന്ന വിഷയത്തിൽ സമേതി കേരളയുടെ ഫെയ്സ്ബുക്ക് പേജിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

7. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി നാളെ (30-ന്) **വെള്ളരിവർഗ വിളകൾ** എന്ന വിഷയത്തിൽ ഉച്ചതിരിഞ്ഞ് 2.30 ന് ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

8. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (29.07.2021) രാവിലെ 11 മുതൽ **ക്ഷീര സംഘം ജീവനക്കാരുടെ സർവീസ് കാര്യങ്ങൾ** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇന്ന് രാവിലെ 11 മണിക്ക് https://meet.google.com/iff-xwhj-kqe എന്ന ഗൂഗിൾമീറ്റ് ലിങ്ക് വഴി ജോയിൻ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി (29,30) **വളർത്തുനായ്ക്കളുടെ പരിപാലനം** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ വാട്സ് ആപ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. താൽപര്യമുള്ളവർ 9188522711 എന്ന വാട്സ് ആപ്പ് നമ്പരിൽ രജിസ്റ്റർ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**29-07-2021**

10. ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (29-ന്) ഉച്ചയ്ക്ക് 3 മണി മുതൽ **വിവിധ വിളകളിലെ കായീച്ച നിയന്ത്രണത്തെക്കുറിച്ചും കായീച്ച കെണികൾ ശരിയായി ഉപയോഗിക്കുന്നതി**നെക്കുറിച്ചുമുള്ള ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **0479-2449268, 2959268.**

11. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (29-7-2021) ന് രാവിലെ 11 മണിക്ക് **ആദായകരമായ പാലുത്പാദനം തീറ്റപുല്ലിലൂടെ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു.പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11 മണിയ്ക്ക് Uya-gywr-ugn എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിൽ ബന്ധപ്പെടുക.

12. ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഇന്ന് (29-7-2021) രാവിലെ 11 മണി മുതൽ **തീറ്റപ്പുൽ സംസ്കരണം (സൈലേജ് -ഹേ-വൈക്കോൽ സമ്പുഷ്ടീകരണം)** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11 മണിയ്ക്ക് smm-wvyw-feq എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0476-2698550** എന്ന നമ്പരിൽ ബന്ധപ്പെടുക.

13. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (29 ന്) **മണ്ണ് പരിശോധനയും സംയോജിത വളപ്രയോഗവും** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11 മണിയ്ക്ക് meet.google.com/kyy-watc-qem എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

14. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (29-ന്) **മുട്ടക്കോഴിവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522706** എന്ന വാട്സ്ആപ്പ് നമ്പരിലോ **04829 234323** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**29-07-2021**

15. **കാർഷിക സർവ്വകലാശാല നൽകുന്ന വിളപരിപാലന നിർദ്ദേശങ്ങൾ - തൃശ്ശൂർ ജില്ല**

മഴക്കാലത്ത് പയറിൽ കരിവള്ളിരോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

16. **വെറ്ററിനറി സർവ്വകലാശാല നൽകുന്ന മൃഗപരിപാലന നിർദ്ദേശങ്ങൾ**

കന്നുകാലികൾക്ക് തീറ്റയായി നൽകുന്ന ഖരാഹാരത്തിൽ പൂപ്പൽ വിഷബാധയില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. തീറ്റ നനയുകയോ നനവുള്ള പ്രതലത്തിൽ ചാരി വയ്ക്കുകയോ ചെയ്താൽ പൂപ്പൽ ബാധിക്കുകയും മാരകമായ അഫ്ലാടോക്സിക്കോസിസിന് കാരണമാകുകയും ചെയ്യും. പൂപ്പൽ ബാധിച്ച തീറ്റ കന്നുകാലികൾക്ക് നൽകരുത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം